# പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ : 480** — **22.03.2018 -ൽ മറുപടിയ്ക്ക്**

## കേന്ദ്ര ടൂറിസം പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ബാബു<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.ജോർജ്ജ് എം. തോമസ്<br>ശ്രീ. യു. ആർ. പ്രദീപ് : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്ര ടൂറിസം പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയം ആവിഷ്കരിച്ചിട്ടുള്ള നിലവിലെ സ്കീമുകളാണ് 'സ്വദേശ് ദർശൻ', 'പ്രസാദ്'. ഇതിൽ 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി ഇക്കോ ടൂറിസം സർക്യൂട്ടായ പത്തനംതിട്ട -ഗവി വാഗമൺ -തേക്കടി വികസന പദ്ധതിയും, സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി.<br>1 ശബരിമല വികസനം(എരുമേലി-പമ്പ-സന്നിധാനം),<br>2. ശ്രീപത്മനാഭ- ആറന്മുള -ശബരിമല വികസനം തുടങ്ങിയ 2 പദ്ധതികളും കൂടാതെ 'പ്രസാദ് ' സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനവും ഇതിൽ ഉൾപ്പെടുന്നു. മേൽ വിവരിച്ച 4 പദ്ധതികളാണ് സംസ്ഥനത്തെ ടൂറിസം വികസനത്തിനായി കേന്ദ്ര ടൂറിസം അനുവദിച്ച പദ്ധതികൾ. |
| (ബി) | പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സ്വദേശ് ദർശൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സർക്യൂട്ടാണ് സ്വദേശ് ദർശൻ സ്കീം. ഈ സ്കീമിൽ ഉൾപ്പെടുത്തി നിലവിൽ 3 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) | എങ്കിൽ ഏതൊക്കെ തീമാറ്റിക് സർക്യൂട്ടുകളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെട്ട തീമാറ്റിക് സർക്യൂട്ടുകളിൽ ഇക്കോ ടൂറിസം സർക്യൂട്ട്, സ്പിരിച്വൽ ടൂറിസം സർക്യൂട്ട് എന്നീ സർക്യൂട്ടുകളിൽ ഉൾപ്പെടുത്തിയാണ് നിലവിൽ ഉള്ള പദ്ധതികൾ അനുവദിച്ച് നൽകിയത്. |
| (ഡി) | ഇതു സംബന്ധിച്ച എന്തെല്ലാം പ്രൊപ്പോസലുകളാണ് സംസ്ഥാന സർക്കാർ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നതെന്ന് വിശദമാക്കാമോ; | (ഡി) | താഴെ പറയുന്ന പ്രൊപ്പോസലുകളാണ് സംസ്ഥാന സർക്കാർ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നത്<br>1) ഇക്കോ ടൂറിസം സർക്യൂട്ട്- പത്തനംതിട്ട -ഗവി വാഗമൺ -തേക്കടി വികസനം |

2) സ്പിരിചൽ ടൂറിസം സർക്യൂട്ട്
a) ശബരിമല വികസനം(എരുമേലി-പമ്പ-സന്നിധാനം),
b) ശ്രീപത്മനാഭ- ആറന്മുള -ശബരിമല വികസനം
3) റൂറൽ ടൂറിസം സർക്യൂട്ട് -നിള റൂറൽ ടൂറിസം സർക്യൂട്ട്
4) കോസ്റ്റൽ ടൂറിസം സർക്യൂട്ട്- കേരള കോസ്റ്റൽ സർക്യൂട്ട്.

(ഇ) സ്പിരിചൽ ടൂറിസം സർക്യൂട്ടിൽ ഏതൊക്കെ പ്രദേശങ്ങളെയാണ് സംസ്ഥാന സർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഇ) സ്പിരിചൽ ടൂറിസം സർക്യൂട്ടിൽ സംസ്ഥാന സർക്കാർ നിലവിൽ പ്രദേശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ താഴെപ്പറയുന്ന സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള സ്പിരിചൽ ടൂറിസം സർക്യൂട്ട് പദ്ധതികൾ കേന്ദ്ര ടൂറിസം മന്ത്രാലയം അനുവദിച്ചു നൽകിയിട്ടുണ്ട്.

a) ശബരിമല വികസനം(എരുമേലി-പമ്പ-സന്നിധാനം),
b) ശ്രീപത്മനാഭ- ആറന്മുള -ശബരിമല വികസനം

സെക്ഷൻ ഓഫീസർ